**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3117** **13-07-2022 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് പ്രസ്തുത തസ്തിക ഒഴിഞ്ഞ് കിടക്കുന്നതെന്ന വിവരം അറിയിക്കാമോ; | (എ) | ഉണ്ട്. 01.05.2022 മുതൽ തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ വിശദീകരിക്കുമോ; | (ബി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം തൃശ്ശൂർ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന പുതിയ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. |
| (സി) | തൃശ്ശൂർ ജില്ലയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലിന് എത്ര ബോട്ടുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കുമോ; | (സി) | തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ ഒരു ഹൗസ് ബോട്ടും രണ്ട് സഫാരി ബോട്ടുകളും ഉണ്ട്. അതിൽ ഒരു സഫാരി ബോട്ട് പീച്ചിയിലും, ഹൗസ് ബോട്ടും മറ്റൊരു സഫാരി ബോട്ടും തൃപ്രയാറിലുമാണ്. |
| (ഡി) | തൃശ്ശൂർ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിലുണ്ടോ; എങ്കിൽ അംഗങ്ങൾ ആരൊക്കെയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മിറ്റി എത്ര തവണ യോഗം ചേർന്നുവെന്നും അറിയിക്കുമോ; | (ഡി) | 21.05.2020ലെ സ. ഉ. (സാധാ.) 169/2020/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ച ഭരണ സമിതിയും നിർവാഹക സമിതിയുമാണ് തൃശ്ശൂർ ഡി.. ടി. പി. സിയിൽ നിലവിലുള്ളത് .<br><br>നിലവിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങളെ പങ്കെടുപ്പിച്ച് ഈ കമ്മിറ്റി ഒരു പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. |
| (ഇ) | തൃശ്ശൂർ ജില്ലയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിൽ നിലവിലുള്ള വിനോദ സഞ്ചാര പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ? | (ഇ) | മലക്കപ്പാറ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, കിളിപ്പാടം, കാക്കത്തുരുത്ത് ഇക്കോ ടൂറിസം പദ്ധതി, വാട്ടർ ഫ്രണ്ട് ഡവലപ്മെന്റ് ഓഫ് തൃപ്രയാർ ഹെർബർട്ട് കനാൽ, സ്നേഹതീരം പാർക്ക് അറ്റകുറ്റപ്പണി(ഇലക്ട്രിക്കൽ & സിവിൽ പ്രവൃത്തികൾ) എന്നീ പദ്ധതികളാണ് തൃശ്ശൂർ ഡി. ടി. പി. സിക്കു കീഴിലുള്ളത്. |

സെക്ഷൻ ഓഫീസർ